...ക്കണമെന്നും റോഡിൻെറ ...ാചനീയാവസ്ഥ പരിഹരിക്കണമെ ...ും ആവശ്യപ്പെട്ടുകൊണ്ട് ആക്ഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രണ്ടാം ഘട്ട സമര പരിപാടിയായി നാളെ രാവിലെ മുതൽ വെള്ളമുണ്ട എട്ടേനാലിൽ വഴിതടയൽ സമരം നടത്താൻ തീരുമാനിച്ചു.

## കുളമ്പ്രോഗത്തിന് കുത്തിവയ്പ്

മാനന്തവാടി: ഇന്ന് ഉച്ചക്ക് 12 മണി മുതൽ കമ്മന മംഗളോദയം വായനശാലാ പരിസരത്ത് കന്നുകാലികൾക്ക് കുളമ്പുരോഗ ത്തിനെതിരെ സൗജന്യ പ്രതിരോധ കുത്തിവയ്പ് നടത്തും.

## കാഷ് അവാർഡ്

കൽപ്പറ്റ: സുൽത്താൻബത്തേരി താലൂക്കിലെ സഹകരണ ജീവനക്കാരായ സുൽത്താൻ ബത്തേരി താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റിയിലെ മെമ്പർമാരുടെ മക്കളിൽ എസ്.എസ്.എൽ.സി.ക്ക് ഏറ്റവും കൂടു

മാനന്തവാടി: പോലീസ് സർക്കിൾ ഇൻസ്പെക്ടറായി കെ. ശങ്കരനാരായണൻ ചാർജെടുത്തു.

## വളം വിൽപന

പനമരം: രാസവളങ്ങളുടെ വില കുറച്ചെങ്കിലും നേരത്തെയുള്ള കൂടിയ വിലയ്ക്ക് താലൂക്കിലെ ചില സഹകരണ സംഘങ്ങളുടെ ഡിപ്പോകളിൽ നിന്നു വളം വിൽപന നടത്തുന്നതിനെ കുറിച്ച് അന്വേഷണം നടത്തി നടപടി എടുക്കണമെന്ന് കേരള കോൺഗ്രസ് (എം) പനമരം മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

## പുൽപ്പള്ളി ബസ് സ്റ്റാൻഡ്

പുൽപ്പള്ളി: പുൽപ്പള്ളി ടൗണിലെ പഞ്ചായത്ത് ബസ് സ്റ്റാൻഡിന് പരാധീനതകളേറെ. നിത്യേന ധാരാളം ബസുകളും നൂറുകണക്കിന് യാത്രക്കാരും ഉപയോഗിക്കുന്ന ബസ്സ്റ്റാൻഡിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമി

നിൽക്കുവാൻ പോലും സാധിക്കാത്ത വിധം ചോർന്നൊലിക്കുകയാണ്. സ്ഥല പരിമിതികളേറെയുള്ള ബസ്സ്റ്റാൻഡിൽ നാൽക്കാലികൾ കൈയേറി വൃത്തികേടാക്കാറുണ്ട്. പഞ്ചായത്ത് അധികൃതർ ഇക്കാര്യങ്ങളിൽ ഉത്തരവാദിത്തം കാണിക്കുന്നില്ലെന്ന് പരാതിയുണ്ട്.

## വീടു കത്തിനശിച്ചു

മുട്ടിൽ: മുട്ടിൽ പഞ്ചായത്ത് ഒന്നാം വാർഡ് പറളിക്കുന്നിലെ അച്ചമ്പൻ മുഹമ്മദിൻെറ വീടു കത്തി നശിച്ചു. റേഷൻ കാർഡ് ഉൾപ്പെടെ സകല സാധനങ്ങളും നശിച്ചു. 25,000 രൂപയുടെ നഷ്ടം കണക്കാക്കുന്നു.

## പെൻഷൻ കേസ്

കണ്ണൂർ: ബേങ്ക് ജീവനക്കാർക്ക് പെൻഷൻ കരാർ നടപ്പിലാക്കുന്നതിനെതിരെ ജീവനക്കാർ ഹൈദരബാദ് ഹൈക്കോടതിയിൽ നൽകിയ കേസ് ആഗസ്റ്റ് 16-ന് വിചാരണക്ക് എടുക്കുമെന്ന് എ.ഐ.ബി.ഇ.എ. ജില്ലാ സെക്രട്ടറി എ.സി. മാധവൻ അറിയിച്ചു



നർമ്മദാ പദ്ധതി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വയനാട് ജില്ലയിലെ പരിസ്ഥിതി പ്രവർത്തകർ കലക്ടറേറ്റ് മുമ്പിൽ നടത്തിയ ഉപവാസം.

# പരിസ്ഥിതി പ്രവർത്തകർ ഉപവാസം അനുഷ്ഠിച്ചു

കൽപ്പറ്റ: നർമ്മദ പദ്ധതി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജലസമാധിക്കൊരുങ്ങിയ മേധാപട്കറുടെ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വയനാട് ജില്ലയിലെ പരിസ്ഥിതി പ്രവർത്തകർ കലക്ടറേറ്റിനു മുൻപിൽ ഉപവാസം നടത്തി.

ജനാധിപത്യവിരുദ്ധ നടപടികളെയും ജനവിരുദ്ധവും അശാസ്ത്രീയവുമായ വികസനങ്ങളെയും പരാജയപ്പെടുത്താൻ മുഴുവൻ ജനങ്ങളും തയ്യാറാകണമെന്ന് ഉപവാസ സമരത്തെ അഭിസംബോധന ചെയ്ത് തോമസ് അമ്പലവയൽ ആവശ്യപ്പെട്ടു.

ലൂക്കോസ് ജേക്കബ്, എം.വി. കരുണാകരൻ എന്നിവരും പ്രസംഗിച്ചു. ബാബു മൈലമ്പാടി, പി.കെ. ഉത്തമൻ എന്നിവർ നേതൃത്വം നൽകി. ഇന്നു വൈകിട്ട് 4 മണിക്ക് കൽപ്പറ്റ ആർട്സ് ആൻറ് കൊമേഴ്സ് കോളജിൽ പരിസ്ഥിതി പ്രവർത്തകരുടെ യോഗം ചേരും.

## മിൽമ

കൽപ്പറ്റ: മലബാറിൽ പാൽ അധികം ഉൽപാദിപ്പിക്കണമെന്ന് മിൽമ അധികൃതർ പ്രസ്താവിച്ച സാഹചര്യത്തിൽ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടിയുടെ ലക്ഷ്യം അധികൃതർ വ്യക്തമാക്കണമെന്ന് എ.ഐ.വൈ.എഫ്. കണിയാമ്പറ്റ പഞ്ചായത്ത് കമ്മിറ്റി പ്രമേയത്തിൽ ആവശ്യപ്പെട്ടു.

കൃത്രിമ ബീജാധാന കേന്ദ്രങ്ങൾക്കുവേണ്ടി മിൽമ ചെലവഴിക്കുന്ന 153 ലക്ഷം രൂപ പാലുൽപ്പാദകർക്ക് വിതരണം ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു. സി.എസ്. സ്റ്റാൻലിൻ അദ്ധ്യക്ഷത വഹിച്ചു. മുഹമ്മദ്, മുഹമ്മദലി, സലാവുദ്ദീൻ, വിജയൻ, ജോർജ്, സുധാകരൻ എന്നിവർ പ്രസംഗിച്ചു.

## സാഹിത്യസമാജം

മാനന്തവാടി: കരിങ്ങാരി ഗവ. യു.പി. സ്കൂൾ സാഹിത്യസമാജം രാജേന്ദ്രൻ ചെറുപൊയ്കയും, സയൻസ് ക്ലബ്ബ്, പാർലമെൻറ് എന്നിവയുടെ ഉദ്ഘാടനം മാനന്തവാടി എ.ഇ.ഒ. ടി. വാസുവും ഉദ്ഘാടനം ചെയ്തു.

പി.ടി.എ. പ്രസിഡൻറ് കെ.എ. വിജയൻ അദ്ധ്യക്ഷത വഹിച്ചു. പി. രതീഷ്, വി.കെ. സിനോജ്, വി.കെ. സ്വപ്നജ, കെ. പ്രവീൺ, എന്നിവർ പ്രസംഗിച്ചു. കലാപരിപാടികളുമുണ്ടായി. സ്കൂൾ ലീഡർ പി. സ്മിത സ്വാഗതവും സാഹിത്യസമാജം സെക്രട്ടറി കെ. സ്വപ്ന നന്ദിയും പറഞ്ഞു.

## കത്തയക്കൽ

പുൽപ്പള്ളി: പഴശ്ശിരാജ കോളജിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്‌യു.(ഐ) മുഖ്യമന്ത്രിക്ക് അയ്യായിരം കത്തുകൾ അയക്കുന്നതിൻെറ ഉദ്ഘാടനം ജില്ലാ പ്രസിഡൻറ് ടി.ജെ. ഐസക്ക് നിർവ്വഹിച്ചു.

പി.സി. സജി അധ്യക്ഷത വഹിച്ചു. യൂത്ത് കോൺഗ്രസ് (ഐ) ജില്ലാ സെക്രട്ടറി കെ.കെ. അബ്രഹാം, സലാം കൽപ്പറ്റ, പി.എ. പ്രകാശൻ, ജെന്നിതോമസ്, കെ.എൽ. ടോമി, ടി.എഫ്. വർക്കി എന്നിവർ സംസാരിച്ചു.

## തുകഅനുവദിക്കണം

കാട്ടിക്കുളം: എടയോർക്കുന്ന് ഗവൺമെൻറ് എൽ.പി. സ്കൂളിൻെറ ഷെഡുകൾ കെട്ടിമേഞ്ഞ വകയിൽ കിട്ടാനുള്ള സംഖ്യ മൂന്ന് മാസം കഴിഞ്ഞിട്ടും അനുവദിക്കാത്തതിൽ എടയോർക്കുന്ന് എൽ.പി. സ്കൂൾ പി.ടി.എ. കമ്മിറ്റി പ്രതിഷേധിച്ചു.

പി.ടി.എ. ഭാരവാഹികളാണ് പണി ഏറ്റെടുത്ത് നടത്തിയത്. പ്രസിഡൻറ് കെ.എം. മാത്യു അധ്യക്ഷത വഹിച്ചു.


## ഡിഗ്രിക്ക് സീറ്റ് ഒഴിവ്

സുൽത്താൻബത്തേരി: സെൻറ് മേരീസ് കോളജിൽ ഒന്നാം വർഷ ബി.എ, ബി.എസ്.സി, ബികോം ക്ലാസുകളിൽ പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുള്ള ഏതാനും സീറ്റുകൾ ഒഴിവുണ്ട്. സർട്ടിഫിക്കറ്റുകൾ സഹിതം ഓഗസ്റ്റ് 11-ന് മുമ്പായി ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## ചുമതലയേറ്റു

കൽപ്പറ്റ: വയനാട് ജില്ലാ ഗ്രാമവികസന ഏജൻസി പ്രോജക്ട് ഓഫീസറായി വി. ആദം മുഹമ്മദ് കുഞ്ഞ് ചുമതലയേറ്റു.

ഓഗസ്റ്റ് 4 [illegible]



വൈത്തിരി ചുരത്തിലെ മരം മുറിക്കെതിരെ സർവകക്ഷി ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വൈത്തിരി താലൂക്ക് ഓഫീസിന് മുമ്പിൽ നടന്ന ധർണ വൈത്തിരി പഞ്ചായത്ത് പ്രസിഡന്റ് ടി.എം. ഉസ്മാൻ ഉദ്ഘാടനം ചെയ്യുന്നു

... പത്രസമ്മേളനത്തിൽ ജില്ലാ സെക്രട്ടറി ബാലകൃഷ്ണൻ നമ്പ്യാരും പങ്കെടുത്തു.

## കണ്ണൂരിൽ മന്ത്രിപ്പട

കണ്ണൂർ: മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും രാപ്പാർക്കാൻ കണ്ണൂരിൽ ഇടമില്ല. സർക്കാർ അതിഥിമന്ദിരം നിറഞ്ഞപ്പോൾ ജനനേതാക്കൾക്കഭയം ടൂറിസ്റ്റ് ഹോമുകൾ.

മുൻമന്ത്രി കെ.പി. നൂറുദ്ദീൻ എം.എൽ.എ.യുടെ മകളുടെ വിവാഹത്തിന് പങ്കെടുക്കാനാണ് പലരും തമ്പടിച്ചത്. ഇന്ന് ഉച്ചതിരിഞ്ഞ് ടൗൺഹാളിലാണ് സൽക്കാരം. നിക്കാഹ് നീലേശ്വരത്തായതിനാൽ അവിടെയും നേതാക്കളുടെ പ്രളയം തന്നെ. മുഖ്യമന്ത്രി കരുണാകരൻ, മന്ത്രിമാരായ ഉമ്മൻചാണ്ടി, കെ.എം. മാണി, ടി.എം. ജേക്കബ് എന്നിവർ ഒഴികെയുള്ള എല്ലാ മന്ത്രിമാരും കണ്ണൂരിൽ എത്തുമെന്ന് പോലീസിന് വിവരമുണ്ട്; മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും എത്തിച്ചേരുമെന്ന് പാർട്ടി വൃത്തങ്ങൾക്കും. നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി സന്ദർശനത്തിന്റെ പേരിൽ ഗസ്റ്റ് ഹൗസിൽ നേരത്തെ 18 എം.എൽ.എ.മാർക്ക് മുറി

# ആദിവാസികൾക്ക്



ശാസ്ത്രസാഹിത്യ പരിഷത്ത് വയനാട് ജില്ലാ യൂനിററ് വനനശീകര
ണത്തിനെതിരെ നടത്തിയപ്രചരണ പരിപാടിക്കിടയിൽ ജാഥാംഗങ്ങൾ
പാതിരിയിൻ ക്ലീയർഫെല്ലിംഗ് നടന്ന കാട്ടിൽ എത്തിയപ്പോൾ

# വൈത്തിരി താലൂക്കിൽ മരംമുറി നിരോധിച്ചു

കല്പറ്റ: വയനാട് ജില്ലയിൽ വ്യാപകമായ തോതിൽ അനധികൃതമായി മരംമുറിക്കുന്നതായി ശ്രദ്ധയിൽ പെട്ടതിനെത്തുടർന്ന് വൈത്തിരി താലൂക്കിലെ വിവിധ സർവേ നമ്പറുകളിൽപ്പെട്ട 92 സ്ഥലങ്ങളും '1986ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടി'ന്റെ പരിധിയിൽ പെടുത്തിയിട്ടുള്ളതാണെന്നും ഈ സ്ഥലങ്ങളിൽ നിന്നും മരം മുറിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണെന്നും ജില്ലാകലക്ടർ അറിയിച്ചു. മരം മുറിക്കുന്നതിനും അത് നീക്കുന്നതിനും വേണ്ടി കൈവശ സർട്ടിഫിക്കറ്റുകൾ റവന്യൂ ഉദ്യോഗസ്ഥന്മാർ നല്കുന്നതല്ലെന്നും കലക്ടർ അറിയിച്ചിട്ടുണ്ട്.

കേരള ലാൻഡ് യൂട്ടിലൈസേഷന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ വൃക്ഷങ്ങളും യാതൊരു കാരണവശാലും മുറിക്കാൻ പാടുള്ളതല്ല. ന്യായമായ കേസുകളിൽ ജില്ലാകലക്ടറുടെ പ്രത്യേക അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

1986 ഡിസംബർ –1ലെ ഗസറ്റ് വിജ്ഞാപന പ്രകാരം വൈത്തിരി താലൂക്കിലെ ഇനിപ്പറയുന്ന സ്ഥലങ്ങളാണ് കേരള പ്രിസർവേഷൻഓഫ് ട്രീസ് ആക്ടിന്റെപരിധിയിൽ വരുന്നത്. കുന്നത്തിടവക വില്ലേജ്—റീ സർവെ നമ്പർ റി.സ. 329/4സി2, 4സിഎ, 4സി, സർവേ നമ്പർ 330ൽ പാർട്ട് 331, 329, 308/2എ/330, 329/4സിഎ, 329/4സി13, 329/4സിബി, 329/4സിഎ, 342/6ബി12, 339/4എ1ഇ പാർട്ട്, 339/4എ1എ1, 182, 175ൽ പാർട്ട്, 339/4ബി1എ1, 339/4എ1ഇ, 182, 339/4എ1എ1/പാർട്ട്, 339/4എ1എ പാർട്ട്, 330/പാർട്ട്, 329, 329, 331 പാർട്ട്, 339/4എ1എ1, 181/1എ പാർട്ട്, മൂപ്പൈനാട് വില്ലേജ് 1186, 1187, 1226ൽ പാർട്ട്, 1169ൽ പാർട്ട്, 1170ൽ പാർട്ട് 1170ൽ 1പാർട്ട്, 1126, 1189, 88, 1126/എ, 1220/1, 1188ൽ പാർട്ട്, 1186ൽ പാർട്ട്, 1226ൽ പാർട്ട്, 1189ൽ പാർട്ട്, 1186, 1187, 1188, 1189, 1188/എ, 1169എ, 1185/എ, 1186, 1126, 1226ൽ പാർട്ട്, 1169, 1187ൽ പാർട്ട്, 1188ൽ പാർട്ട്, 1185/2, 1187, 1186, മൂപ്പൈനാട് (കോട്ടപ്പടി)—263/1, 1157/1158, 262/1, 250/1എ, 262/1, 250/1എ, 262/1എ, 261/1എ, 265/1, 261/1ബി, 250/1ബി, 265/1, 262/പാർട്ട്, 214/1ബി3സി11, 262/2, 263/1, 261/1, 250/1പാർട്ട്, 264/പാർട്ട്, തരിയോട് വില്ലേജ്—635/1എ, 690 പാർട്ട്, 685/1എ, 690, 620/1, 680/2, 688, 688, 690, 688 പാർട്ട്, 331/1എ1എ1എ1എ1 പാർട്ട്, പടിഞ്ഞാറത്തറ വില്ലേജ്—173/1എ1എ, 673/1എ1.

താമരശ്ശേരി ചുരത്തിനു മുകളിൽ അനധികൃതമായി മുറിച്ചിട്ട മരങ്ങൾ സർക്കാർ കണ്ടുകെട്ടണമെന്ന് എൻ.ജി.ഒ. യൂണിയൻ വയനാട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ചുരം സംരക്ഷിക്കുന്നതിന് ആവശ്യമായ ബൽറ്റ് ഏരിയ സർക്കാർ ഏറ്റെടുത്ത് വനവൽക്കരണം നടത്തി സംരക്ഷിക്കണം. വയനാട്ടിലെ പരിസ്ഥിതി സംരക്ഷിക്കുന്നതിന് ആവശ്യമായ നിലവിലുള്ള നിബിഡവനങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമാണങ്ങൾ സർക്കാർ നടത്തണം.

പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടി സംഘടിപ്പിച്ചിട്ടുള്ള വയനാട് സംരക്ഷണ സമിതിയുടെ പ്രക്ഷോഭ പരിപാടികളിൽ മുഴുവൻ സർക്കാർ ജീവനക്കാരും പങ്കെടുക്കണമെന്ന് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് പി. രാജൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി വി.എസ്. രാമചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു.


നാഗാർജ്ജുന ന്യൂസ്

ഇന്ന് നാഗാർജുനയുടെ 407—ാമത് ഏജൻസി ചാലക്കുടി ടൗണിൽ ശ്രീ ലോനപ്പൻ നമ്പാടൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

വിദേശജോലിക്ക്
തൊഴിലധിഷ്ഠിത കോഴ്സുകൾ

PREMIER
College of Engg & ITC

# ആദിവാസി -പരിസ്ഥിതി പ്രവർത്തക സംഗമം മുത്തങ്ങയിൽ

**കല്പറ്റ:** വയനാട് പ്രകൃതി സംരക്ഷണ സമിതി ആഗസ്റ്റ് 29, 30, 31 തിയ്യതികളിൽ മുത്തങ്ങയിൽ ആദിവാസി നേതാക്കളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും സംഗമം സംഘടിപ്പിക്കും. വനങ്ങളും പാരിസ്ഥിതിക സന്തുലിതാവസ്ഥയും വനമേഖലയിൽ ജീവിക്കുന്ന ആദിവാസികളുടെ നിലനില്പും സംബന്ധിച്ച ചർച്ചകളാണ് സംഗമത്തിൽ നടക്കുക.

ജൈവ വൈവിധ്യം നേരിടുന്ന ചൂഷണം, കാർഷികരംഗത്തെ പ്രശ്നങ്ങൾ, നദികളും ജലസമ്പത്തും നേരിടുന്ന ഭീഷണി, ആദിവാസികൾ നേരിടുന്ന വെല്ലുവിളികൾ എന്നിവയും ചർച്ച ചെയ്യപ്പെടും. ഡോ. രാജൻ ഗുരുക്കൾ, പി.കെ. ഉത്തമൻ, ഡോ. സതീഷ് ചന്ദ്രൻ, ഡോ. ശാന്തി, ഡോ. രാഘവവാര്യർ, ലത്തീഫ് കിഴിശ്ശേരി, ഒ.കെ. ജോണി, എബി ജോർജ്, ആലന്തട്ട പ്രഭാകരൻ, എടക്കൽ മോഹൻ, ശ്രീധർ, കൃഷ്ണൻകുട്ടി, പി.കെ. വാസുദേവൻ, ദുര്യോധനൻ, മണിലാൽ തുടങ്ങിയവർ സംഗമത്തിൽ പങ്കെടുക്കും.

## കട്ടിലവെപ്പ്

# എസ്റ്റേറ്റുകളിൽ അനധികൃത മരംമുറി

സുൽത്താൻബത്തേരി: രാഷ്ട്രീയ നേതൃത്വത്തിൻെറയും ഉദ്യോഗസ്ഥന്മാരുടെയും ഒത്താശയോടെ വയനാട്ടിലെ ചെറുതും വലുതുമായ എസ്റ്റേറ്റുകളിൽനിന്ന് വൻതോതിൽ മരംമുറിച്ച് കടത്തുന്നതായി വയനാട് പ്രകൃതി സംരക്ഷണ സമിതി യോഗം ആരോപിച്ചു. വയനാട്ടിലെ ആയിരക്കണക്കിന് ഏക്കർ വനഭൂമി സ്വകാര്യവ്യക്തികൾക്ക് തീറ് നൽകാൻ തീരുമാനിക്കപ്പെട്ടതിന് പിന്നിലും ഇതേ ലോബിയാണുള്ളതെന്ന് യോഗം ആരോപിച്ചു. നോർത്ത് വയനാട് ഡിവിഷനിൽപെട്ട വട്ടോളി എസ്റ്റേറ്റിലെ മരംമുറി ഇതിൻെറ തെളിവാണ്. ഉദ്യോഗസ്ഥപ്രമാണികൾ കോടതിയിൽ ഒത്തുകളിച്ച് നിയമവ്യവസ്ഥയെപോലും നാണംകെടുത്തിയിരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ മരം കടത്തിക്കൊണ്ടുപോകാൻ കൂട്ടുനിന്ന ഭരണനേതൃത്വം ഒരു ഉദ്യോ[illegible]സ്ഥനെ സസ്പെൻറ് ചെയ്ത് കൈകഴുകാൻ ശ്രമിക്കുന്നത് അപഹാ[illegible]ാണ്. പകരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ വനം മാഫിയക്കുവേണ്ടി പ്രവർത്തിക്കുന്നുവെന്ന് പരസ്യമായി ആരോപിക്കപ്പെടുന്ന ആളാണെന്ന് പ്രകൃതി സംരക്ഷണ സമിതി യോഗം ആരോപിച്ചു.

കാട്ടുകള്ളന്മാരെ മാറ്റിനിർത്തി ജനകീയ തെളിവെടുപ്പ് നടത്തി നടപടികൾ സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. പ്രസിഡൻറ് ബാബു മൈലമ്പാടി അധ്യക്ഷത വഹിച്ചു.

സമ്മേളനത്തിൽ പങ്കെടുത്തു.

## ബുക്ക്മാർക്ക് പുസ്തകമേള ഇന്നുമുതൽ

കോഴിക്കോട്: ഇന്നുമുതൽ ഒരാഴ്ച ബുക്ക്മാർക്കിൻെറ പുസ്തകമേള കോഴിക്കോട് ടൗൺഹാളിൽ നടക്കും. രാവിലെ 9.30 മുതൽ വൈകീട്ട് 7.30 വരെയാണ് പ്രദർശനം.

## ഡി.ഡി., ഡി.ഇ.ഒ ഓഫീസുകൾ മാറ്റരുത്

കോഴിക്കോട്: ഡി.ഡി.ഇ ഓഫീസ്, ഡി.ഇ.ഒ ഓഫീസ്, ടെസ്റ്റ് ബുക്ക് ഡിപ്പോ, ട്രെയിനിംഗ് സ്കൂൾ, മോഡൽ യു.പി. സ്കൂൾ എന്നിവ ഇപ്പോൾ [illegible] വർത്തിച്ചുകൊണ്ടിരിക്കുന്ന സ്[illegible] ത്തുനിന്ന്, അസൗകര്യങ്ങൾ[illegible]

# വയനാട് കരിഞ്ഞുണങ്ങുന്നു; ആത്മഹത്യ പെരുകുന്നു

**ടി.വി. രവീന്ദ്രൻ**

**കൽപ്പറ്റ:** കടുത്ത വേനലിൽ ചുട്ടുപൊള്ളുന്ന വയനാട്ടിൽ കർഷകർ ആത്മഹത്യയിൽ അഭയം തേടുന്നത് തുടരുന്നു. മുഖ്യമന്ത്രി എ.കെ. ആൻറണി വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനെത്തിയ വെള്ളിയാഴ്ചയും രണ്ടു കർഷകരാണ് ജില്ലയിൽ ജീവനൊടുക്കിയത്. സുൽത്താൻ ബത്തേരി താലൂക്കിലെ തോട്ടാമൂല പുതിയേടത്ത് ജോസഫും (48), മാനന്തവാടി താലൂക്കിലെ വെള്ളമുണ്ട പുതുശ്ശേരി വളവിൽ നാരുവേലിൽ പൗലോസും (41) കടബാധ്യതയിൽ നിന്ന് തലയൂരാനാകാതെയാണ് മരിച്ചത്. കടബാധ്യതയെതുടർന്ന് ഈയിടെ നാലു കർഷകർ വയനാട്ടിൽ ജീവനൊടുക്കിയിരുന്നു.

വയനാട്ടിലെ വൻകിട-ചെറുകിട കർഷകരൊക്കെ വിവിധ ധനകാര്യ സ്ഥാപനങ്ങളിലെ കടക്കാരാണ്. വരൾച്ചകൊണ്ട് നട്ടം തിരിയുന്ന കർഷകർ ഒരുകുടം വെള്ളം തേടിയലയുമ്പോഴാണ് ജപ്തി നോട്ടീസുകളുമായി ബാങ്കുകാരെത്തുന്നത്. പുൽപ്പള്ളി, മുള്ളൻകൊല്ലി മേഖലകളിലെ മിക്കവാറും വീടുകളിൽ കുടുംബനാഥന്മാരില്ലാത്ത സ്ഥിതിയാണ്. എന്തെങ്കിലുമൊക്കെ തൊഴിൽ തേടി അവരൊക്കെ അയൽ സംസ്ഥാനങ്ങളിലേക്ക് പോയിരിക്കുകയാണ്. ഒരു കാലത്ത് കേരളത്തിലെ ഗൾഫെന്നറിയപ്പെട്ട വയനാട് മേഖലയാകെ ഉണങ്ങിക്കരിഞ്ഞു കഴിഞ്ഞു. ജപ്തി നടപടികൾ ആറു മാസത്തേക്ക് നിർത്തിവെച്ചിരിക്കുന്നുവെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയൊന്നും കർഷകർക്ക് ആശ്വാസം നൽകുന്നില്ല. കടബാധ്യത മൂലം മരിച്ചവരുടെ കുടുംബങ്ങൾക്കൊന്നും ഒരു സഹായവും സർക്കാറിൽ നിന്നു ലഭിച്ചിട്ടില്ല. ജപ്തി ആറുമാസത്തേക്കു നിർത്തിവെച്ചതുകൊണ്ടോ ഏതാനും ആഴ്ചകൾ സൗജന്യ റേഷൻ നൽകിയതുകൊണ്ടോ തീരുന്നതല്ല തങ്ങളുടെ പ്രശ്നങ്ങളെന്ന് കർഷകർ പറയുന്നു.

# Swaminathan report opposed

By Our Staff Reporter

PALAKKAD, JAN. 10. The recommendations of the M. S. Swaminathan committee on agriculture and allied sector to use farm subsidies for technology transfer and development of farm resources have been opposed by farmers.

At a press conference at the India Centre here today, Pandiyode Prabhakaran, general secretary, and K. Ravikumar, chairman, National Farmers Protection Committee (NFPC), strongly criticised its recommendations which said that some of the subsidies like free electricity for groundwater use and canal irrigation had adversely affected natural resources and the financial health of the State.

The NFPC leaders said that free electricity for groundwater use and canal irrigation directly benefits the farmer where as the subsidy granted to technology lands up in the coffers of both Indian and foreign agribusiness technology broking organisations.

The Green Revolution technology transfer during 1966-77 had a foreign exchange component of $ 28 billion that landed up in the coffers of transnational companies engaged in seeds, fertilizers, pesticides and agrimachinery business. Hence, accepting the report is tantamount to robbing the Indian farmers of their resources.

They said that 'if what implies in the expert committee report is that the farmers are misusing the facility and that scientists will be more discreet in properly utilising the subsidy, then we are on a very slippery ground'. This judgment which casts aspersions on the integrity of farmers is typical of the contempt the scientific, bureaucratic and political fraternity has towards the farmer, they said.

The compounded annual rate of growth of food crops during the pre-Green Revolution period of 1950-65 was 2.98 per cent. This declined to 2.4 per cent in the post-Green Revolution period of 1968-78. All crops grew at 3.2 and 2.5 per cent. Rice grew at 3.37 and 2.2 per cent, pulses at 1.62 and 0.2 per cent and wheat at 3.07 and 5.73 per cent in the pre and post Green Revolution periods. This is nothing like a miracle as the scientists involved have been trying to make it out to be.

Fifty-six per cent of the increase in food production registered in the post-Green Revolution period till 1985 came from less than 15 per cent of the land area under food crops. Such a skewed production concentration has totally degraded the soil and natural resources. In fact, the Green Revolution belt absorbed the major financial outlay famishing agriculture in other areas.

A study shows that it takes 300 units of inputs to produce 100 units of food under the Green Revolution technology where as a conventional poly culture system takes only 5 units to produce the same.

The NFPC leaders said that today the same World Bank which had earlier prescribed heavy subsidy for agriculture was for scrapping of all subsidies to farmers.

It also insists upon reducing the role of the State in agriculture and bringing in private capital.

This is directly opposed to what it was advocating 25 years back.

It is in this contest that the recommendations to scrap subsidy to the farmers and use it for technology transfer become very important because it seems to be a part of the World Bank agenda to rob the Indian farmers of their resources to pay the multinational and Indian corporate bodies.

It is intriguing that the developed world offers subsidies to their farmers at almost 50 per cent of the value of their produce and still Indian scientists feel that the Indian farmers should not be subsidised. One tends to doubt the competence of the scientists to make a judgment on this socio-economic issue, they said.

The technology to be transferred like germinated seeds etc., will siphon off the State funds to multinational and Indian corporate coffers.

A more serious implication is that the agriculture sector will be controlled not by the Government or farmers but by transnational and Indian corporate bodies who have no interest in the well-being of the farmers or the environment, they said.

# വിനോദസഞ്ചാര വികസനം: പ്രകൃതി വിഭവങ്ങളെ നശിപ്പിക്കും

സുൽത്താൻബത്തേരി: വയനാട്ടിലെ വിനോദസഞ്ചാര വികസനത്തിനുവേണ്ടിയുള്ള ചില രാഷ്ട്രീയപാർട്ടികളുടേയും സംഘടനകളുടേയും മുറവിളി യാഥാർഥ്യത്തിനു നിരക്കുന്നതല്ലെന്നും ഇതിനെതിരെ പ്രകൃതിയേയും നാടിനേയും സ്നേഹിക്കുന്നവർ കുരുതിയിരിക്കണമെന്നും വയനാട് പ്രകൃതിസംരക്ഷണസമിതി അംഗീകരിച്ച പ്രമേയത്തിൽ ആവശ്യപ്പെട്ടു.

ടൂറിസത്തിന്റെ പേരിൽ പ്രകൃതി വിഭവങ്ങളുടേയും ജൈവസമൂഹങ്ങളുടേയും വംശനാശം വരുത്തിവെക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് സർക്കാർ പിന്തിരിയണമെന്നും കുറുവതിരുത്തുകളും തിരുനെല്ലിയുംപോലുള്ള ആദിവാസി മേഖലകൾ ഗസ്റ്റ് ഹൗസുകളും നക്ഷത്ര ഹോട്ടലുകളും നിർമിച്ച് നശിപ്പിക്കരുതെന്നും യോഗം ആവശ്യപ്പെട്ടു.

അതിരുകവിഞ്ഞ പാശ്ചാത്യവൽക്കരണത്തിന്റേയും ടൂറിസം വികസനത്തിന്റേയും ഫലമായി നാശത്തിന്റെ വക്കിലെത്തിയ മലേഷ്യ, തായ്ലണ്ട്, കരീബിയൻ ദ്വീപുകൾ തുടങ്ങിയ മൂന്നാം ലോകരാജ്യങ്ങളുടെ അനുഭവം ഒരു പാഠമാവേണ്ടതുണ്ട്.

മയക്കുമരുന്ന് കള്ളക്കടത്തിനും എയ്ഡ്സ്പോലുള്ള മാരകരോഗങ്ങളുടെ വ്യാപനത്തിനും ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കുള്ള പങ്കു വളരെ വ്യക്തമാണെന്ന് യോഗം ചൂണ്ടിക്കാട്ടി. വയനാട്ടിൽ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ നാടിന്റെ ജൈവ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതിനും അവസാനത്തെ പച്ചപ്പും ഇല്ലാതാക്കുന്നതുമാണ്. ബഹുജനങ്ങൾ ഈ യാഥാർഥ്യം മനസ്സിലാക്കി പ്രതികരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ വ്യാസൻ ആനപ്പാറ അധ്യക്ഷത വഹിച്ചു. തോമസ് അമ്പലവയൽ റിപ്പോർട്ട് അവതരിപ്പിച്ചു. പി.കെ. ഉത്തമൻ, കെ.പി. അബ്ദുൾവഹാബ്, പി.കെ. സുരേന്ദ്രൻ, എൻ. ബാദുഷ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി ബേബി മൈലാമ്പാടി (പ്രസി), കെ. മനോജ് (വൈ. പ്രസി), തോമസ് അമ്പലവയൽ (സെക്ര), വി.എം. രാജൻ (ജോ. സെക്ര), പി.യു. ജോയ് (ട്രഷ) എന്നിവരെ തിരഞ്ഞെടുത്തു.

## പരാതി നല്കിയപ്പോൾ വാദി പ്രതിയായി

## ഫുട്ബാൾ ടൂർണമെൻറ്

**മാനന്തവാടി:** കൊയിലേരി നവോദയ ഉദയ വായനശാലയുടെ സഹകരണത്തോടെ നടത്തുന്ന ഒന്നാമത് അഖില വയനാട് സെവൻസ് ഫുട്ബാൾ ടൂർണമെൻറ് ജനവരി 25 മുതൽ ആറാട്ടുതറ ഗവണ്മെൻറ് ഹൈസ്കൂൾ ഗ്രൗണ്ടിൽ തുടങ്ങും. ജേതാക്കൾക്ക് പി.ജെ. നേമചന്ദ്രഗൗഡർ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും റണ്ണേഴ്സ് അപ്പിന് പി. കൃഷ്ണൻനമ്പ്യാർസ്മാരക എവറോളിംഗ് ട്രോഫിയും വിതരണം ചെയ്യും.

## സ്വീകരണം നൽകി

**വെള്ളമുണ്ട:** ഫാർമേഴ്സ് റിലീഫ് ഫോറം വെള്ളമുണ്ട പഞ്ചായത്ത് കമ്മിറ്റി ഡൽഹി നിവേദക സംഘാംഗങ്ങൾക്ക് സ്വീകരണം നൽകി. കാർഷിക മേഖല ദയനീയമായി പരാജയപ്പെട്ട സാഹചര്യത്തിൽ കർഷകരുടെ കൂട്ട ആത്മഹത്യ തടയുന്നതിനുവേണ്ടി കർഷകരുടെ കടങ്ങൾ എഴുതിത്തള്ളണമെന്ന് സംസ്ഥാന ചെയർമാൻ എ.ഡി. വർക്കി ആവശ്യപ്പെട്ടു. ജോസ് കളപ്പുര അധ്യക്ഷതവഹിച്ചു. പി.പി. അബ്ദുറഹിമാൻ, കെ.വി. സദാനന്ദൻ, കെ.പി. സാമുവൽ, ഫിലിപ്പ് കിളിയംപ്രായിൽ എന്നിവർ സംസാരിച്ചു.

## റംസാൻ കാമ്പയിൻ സംഖ്യ ഏൽപ്പിച്ചു

**മുട്ടിൽ:** വയനാട് മുസ്ലിം യതീംഖാന ഖമീസ് മുശൈത്ത് കമ്മിറ്റി റംസാൻ കാമ്പയിൻെറ ഭാഗമായി സ്വരൂപിച്ച മൂന്നരലക്ഷം രൂപ യതീംഖാന പ്രസിഡൻറ് കക്കോടൻ മൂസഹാജിയെ ഏൽപ്പിച്ചു. അസീസ് കോറോം, അബ്ദുൽഷുക്കൂർ, അസീസ് കൽപ്പറ്റ, മമ്മൂട്ടി വെള്ളിലാടി, മുഹമ്മദ്ഷാ, പി. സലിം, ആദം മുഹമ്മദ്കുഞ്ഞി എന്നിവർ സംസാരിച്ചു.

## ◆ ഇന്നത്തെ സിനിമ ◆

◆**കല്പറ്റ ജൈത്ര (DTS):** വാമനപുരം ബസ് റൂട്ട് (2.45, 5.45, 9) 11: ദാമ്പത്യം 1: Behind Closed Doors
**അനന്തവീര:** ഇയർക്കൈ (ത) (11.30, 2.30, 6, 9)
**വിജയ:** ജയം (ത) -തരുൺകുമാർ, തൃഷ (3, 6, 9)
**മഹാവീർ (DTS):** വാർ & ലൗ - ദിലീപ്, ലൈല (10.30, 1.30, 4.30, 7.30)

◆**മേപ്പാടി വിവാ ടാക്കീസ്:** പട്ടാളം -മമ്മൂട്ടി, ജ്യോതിർമയി (2.30, 6, 9)
**പഞ്ചമി:** ചൂണ്ട -ജിഷ്ണു, ഗീതു മോഹൻദാസ് (6, 9)
◆**മാനന്തവാടി-ജോസ്:** മിഴി രണ്ടിലും-കാവ്യ, ദിലീപ് (3) NS ചക്രം
**വീണ:** പുലിവാൽകല്യാണം - ജയസൂര്യ, കാവ്യ (11.30, 2.30, 5.30, 8.30)
**മാരുതി (DTS) Dolby SR:** വാമനപുരം ബസ്സ് റൂട്ട് - മോഹൻലാൽ (11.20, 2.30, 5.30, 8.30)

◆**പനമരം-സന്ധ്യമൂവീസ്:** മേൽവിലാസം ശരിയാണ് -വിനീത് (3)
◆**പുല്പള്ളി-ജോസ്:** ബാല-സൂര്യ, മീര ജാസ്മിൻ (3, 6.30, 9.30) ഞായർ MS 10.30
**ബ്ലൂമൂൺ:** തിരുമലൈ - വിജയ് (3, 6.30, 9.30) ഞായർ 10.30
◆**സുൽത്താൻബത്തേരി-സീന:** വാമനപുരം ബസ് റൂട്ട് (4) -മോഹൻലാൽ, ലക്ഷ്മി ഗോപാലസ്വാമി
**സാഗർ:** വിരുമാണ്ടി-കമലഹാസൻ, അഭിരാമി (11.15, 2.15, 6.15, 9.15)
**ഐശ്വര്യ A/c:** സേതുരാമയ്യർ CBI -മമ്മൂട്ടി, നവ്യനായർ (11, 2, 5.30, 8.30)
**അതുല്യ:** മനസ്സിനക്കരെ - ജയറാം, ഷീല (11, 2, 5.30, 8.30)
**മാത:** പുലിവാൽ കല്യാണം ജയസൂര്യ, കാവ്യ മാധവൻ (11, 2, 5.30, 8.30)
◆**കമ്പളക്കാട്-ഉജ്ജയിൻ:** കാതൽ സടുഗുഡു -വിക്രം (2.45, 6.30, 9.15)

## മാനന്തവാടിയിൽ സർവകലാശാലാ കേന്ദ്രം അനുവദിക്കും

**മാനന്തവാടി:** മാനന്തവാടിയിൽ ഉന്നത വിദ്യാഭ്യാസത്തിന് കണ്ണൂർ സർവകലാശാല സർവകലാശാലാ കേന്ദ്രം അനുവദിക്കാൻ ഒരുക്കമാണെന്ന് സർവകലാശാലാ വൈസ് ചാൻസലർ ഡോ. പി.കെ. രാജൻ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. മൂന്നു വർഷം മുമ്പ് തന്നെ ഇതിനുള്ള സന്നദ്ധത സർവകലാശാല അറിയിച്ചതാണെങ്കിലും സ്ഥലം കണ്ടെത്താൻ കഴിയാത്തതാണ് സർവകലാശാലാ കേന്ദ്രം വൈകാൻ കാരണം. എം.ബി.എ, എം.സി.എ, എം.എസ്.ഡബ്ള്യു, എം.എ. പോലുള്ള കോഴ്സുകൾ വയനാടിന് പ്രാപ്യമാക്കാൻ ഇതുകൊണ്ടു കഴിയും. ചുരുങ്ങിയത് പത്ത് ഏക്കർ സ്ഥലമെങ്കിലും സർവകലാശാലാ കേന്ദ്രത്തിന് വേണം.

സ്ഥലം കണ്ടെത്തിയാൽ ഫണ്ട് വകയിരുത്താൻ സർവകലാശാല പൂർണ സന്നദ്ധമാണ്. എഞ്ചിനിയറിംഗ് കോളേജിലെ പരീക്ഷ ബഹിഷ്കരിച്ചത് സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ പരിശോധിച്ച് വേണ്ട നടപടികളെടുക്കും. വിദ്യാർഥികളുടെ ഭാവി ഭദ്രമാക്കാനുള്ള നടപടി സർക്കാർ കൈക്കൊള്ളണം. വയനാട് എഞ്ചിനിയറിംഗ് കോളേജിൽ നിന്നും മാറ്റിയ ആർക്കിടെക്ചർ കോഴ്സിൻെറ പരീക്ഷകൾ ഇപ്പോഴും നടത്തുന്നത് കണ്ണൂർ സർവകലാശാലയാണ്.

## ചിത്രകാരന്മാരായ പുണിഞ്ചിത്തായയും പൊന്ന്യം ചന്ദ്രനും മുത്തങ്ങയിൽ

**സുൽത്താൻബത്തേരി:** പ്രശസ്ത ജലച്ചായ ചിത്രകാരനും കർണാടക ലളിത കലാ അക്കാദമി മുൻ ചെയർമാനുമായ പുണിഞ്ചിത്തായയും കേരള ലളിതകലാ അക്കാദമി അംഗം പൊന്ന്യംചന്ദ്രനും ജനവരി 26ന് മുത്തങ്ങയിൽ നടക്കുന്ന ചിത്രരചനാ ക്ലാസ്സിലും പ്രദർശനത്തിലും പങ്കെടുക്കുമെന്ന് സംഘാടക സമിതി പത്രസമ്മേളനത്തിൽ പറഞ്ഞു. വയനാട് പ്രകൃതി സംരക്ഷണ സമിതിയും വയനാട് വന്യജീവി വിഭാഗവും ചേർന്നാണ് ചിത്രരചനാ മത്സരവും പ്രദർശനവും പഠനക്ലാസും സംഘടിപ്പിക്കുന്നത്. 'അഖിലവയനാട് ചിത്രരചനാ മത്സരത്തിൽ വിജയികളാകുന്നവർക്ക് സ്വർണമെഡൽ നൽകും.

വയനാട്ടിലെ സർക്കാർ -എയ്ഡഡ് -അൺഎയ്ഡഡ് -റെക്കഗ്നൈസ്ഡ് സ്കൂളുകളിലെ വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. വിദ്യാർഥികൾ പ്രധാനാധ്യാപകൻെറ സാക്ഷ്യപത്രവും ബ്രഷും ചായവും കൊണ്ടുവരണം. എൽ.പി., യു.പി., ഹൈസ്കൂൾ എന്നീ മൂന്നുവിഭാഗങ്ങളായി തിരിച്ചാണ് മത്സരം നടത്തുന്നത്. ചിത്രരചനാ മത്സരം ജനവരി 26ന് രാവിലെ 11മണിക്ക് മുത്തങ്ങയിൽ വൈൽഡ് ലൈഫ് വാർഡൻ ഫണീന്ദ്രകുമാർ റാവു ഉദ്ഘാടനം ചെയ്യും. പത്രസമ്മേളനത്തിൽ അസി. വൈൽഡ് ലൈഫ് വാർഡൻ എ.കെ. ഗോപാലൻ, എൻ.ബാദുഷ, തോമസ് അമ്പലവയൽ, കെ.എസ്. സുരേഷ്, എം.ഗംഗാധരൻ, ശൈലേന്ദ്ര ബാബു എന്നിവർ പങ്കെടുത്തു.



റിലയൻസ് വെബ്വേൾഡ് ജില്ലാകളക്ടർ കെ. ഗോപാലൻ ഉദ്ഘാടനം ചെയ്യുന്നു

## പഠനക്യാമ്പ്

**മാനന്തവാടി:** തലപ്പുഴ ഗവ. ഹയർസെക്കൻഡറി സ്കൂൾ പത്താംക്ലാസ് വിദ്യാർഥികൾക്കുള്ള പഠനക്യാമ്പ് രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിച്ചു. വിജയശതമാനം ഉയർത്തുന്നതിന് പി.ടി.എ.യുടെ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പിൽ മുന്നൂറോളം വിദ്യാർഥികൾ പങ്കെടുക്കുന്നു. ക്യാമ്പ് രാവിലെ എട്ടുമുതൽ അഞ്ചുമണിവരെയാണ്.

## തിരഞ്ഞെടുപ്പ് ഞായറാഴ്ച

**കൽപ്പറ്റ:** കേരള യൂത്ത് ഫ്രണ്ട് (ജെ) ജില്ലാ കമ്മിറ്റി തിരഞ്ഞെടുപ്പ് യോഗം ജനവരി 25ന് 11 മണിക്ക് കൽപ്പറ്റ അരുൺ ടൂറിസ്റ്റ് ഹോമിൽ ചേരും.

## പ്രതിഷേധിച്ചു

**കാവുംമന്ദം:** കോട്ടക്കുന്ന് ജംഗ്ഷനിലെ കൊടിമരം നശിപ്പിച്ചതിൽ ബി.ജെ.പി. കോട്ടക്കുന്ന് യൂനിറ്റ് പ്രതിഷേധിച്ചു. കെ. സുരേഷ്ബാബു, പി.സജീവൻ, കെ.ആർ. രാമൻ എന്നിവർ സംസാരിച്ചു.

## മത്സരങ്ങൾ നടത്തി

**മാനന്തവാടി:** ദേശീയ യുവജന വാരാഘോഷത്തിൻെറ ഭാഗമായി നെഹ്റു യുവക് കേന്ദ്ര വയനാടും ഉദയ കൊയിലേരിയും ചേർന്ന് മാനന്തവാടി വ്യാപാരഭവനിൽ തിരുവാതിര, നാടോടി നൃത്തമത്സരം നടത്തി. ജോസ് തലച്ചിറ ഉദ്ഘാടനം ചെയ്തു.

പി.ബി.രമേശ് അധ്യക്ഷത വഹിച്ചു. കമ്മന മോഹനൻ, പി.വി.ജോർജ്, ഷാജിതോമസ് എന്നിവർ സംസാരിച്ചു. മാർഗരറ്റ് തോമസ് വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു.

# ഫറോക്കിൽ കണ്ടത് പുലിയല്ല?

ബേപ്പൂർ: ചെറുവണ്ണൂരിൽ ഒരാഴ്ചയായി ജനങ്ങളെ ഭീതിയിലാഴ്ത്തി വിഹരിക്കുന്ന വന്യജീവി പുലിയാവാൻ സധ്യതയില്ലെന്ന് ഫോറസ്റ്റ് അധികൃതർ അറിയിച്ചു. തങ്ങളുടെ നിഗമന പ്രകാരം ഇത് കഴുതപ്പുലി (ഹയന) ആവാനാണ് സാധ്യതയെന്ന് ഡി.എഫ്.ഒ. ഡോ. ശിവരാജ് അറിയിച്ചു.

ചെറുവണ്ണൂരിലെ ന്യൂ ഇന്ത്യ സിറാമിക്സ് കമ്പനിയിൽ ചൂളയിൽ കയറ്റാനായി മുറിച്ചു വച്ച ഇഷ്ടികയിൽ കണ്ട കാൽപാടുകൾ ഈ അനുമാനം ശരിവക്കുന്നതാണത്രെ.

ചില ഇഷ്ടികകളിൽ നഖമടങ്ങിയ കാൽപാടുകൾ ഉണ്ടായിരുന്നു. ശത്രുവിനെ ആക്രമിക്കുമ്പോഴും ഇര പിടിക്കുമ്പോഴും മാത്രമേ പുലിയുടെ നഖം പുറത്തു വരുകയുള്ളുവത്രെ. ആക്രമണത്തിന് തയ്യാറെടുക്കുമ്പോഴുണ്ടാവുന്ന രക്തസമ്മർദ്ദത്താൽ ശക്തിയാർജിക്കുമ്പോൾ മാത്രമേ ഇവയുടെ നഖങ്ങൾ പുറത്തുവരികയുള്ളുവെന്ന് ഡോ. ശിവരാജ് അറിയിച്ചു. എന്നാൽ കഴുതപ്പുലി ഇതിൽ നിന്ന് വ്യത്യസ്തമാണ്. എങ്കിലും ജനങ്ങൾ ഭയവിഹ്വലരായ സാഹചര്യത്തിലാണ് കൽപ്പറ്റയിൽ നിന്ന് കൂടുകൊണ്ടുവന്ന ന്യൂ ഇന്ത്യ സെറാമിക്സ് കമ്പനിക്കടുത്ത കുറ്റിക്കാടിനു സമീപം സ്ഥാപിച്ചത്. കൂട്ടിൽ ഇരയായി പൂച്ചകളെയും കുരുക്കി സജ്ജമാക്കിയിട്ടുണ്ട്. പതിനഞ്ചു കിലോയിൽ കൂടുതൽ തൂക്കംവരുന്ന ഏതെങ്കിലും ജീവി കൂടിനകത്തു കടന്നാൽ ലിവർ അമർന്ന് പൊടുന്നനെ കൂടിന്റെ ട്രാപ്പ് വീഴും.


ഇപ്പോൾ തൃശൂർ മൃഗശാലയിൽ കഴിയുന്ന കരിമ്പുലിയെ ഏതാനും മാസം മുമ്പ് കൽപ്പറ്റയിൽ നിന്നും ഈ കൂടിന്റെ സഹായത്താലാണ് പിടികൂടിയത്. പരിസരവാസികൾ പലരും കണ്ടെന്നവകാശപ്പെടുന്നതിനാലും പത്തുവർഷം മുമ്പ് ഈ ഭാഗത്ത് പുലിയുടെ അക്രമണമുണ്ടായതിനാലും പുലിയല്ലെന്ന നിഗമനം തങ്ങൾ തീർത്തും തള്ളിക്കളയുന്നില്ല- അധികൃതർ അറിയിച്ചു. അന്ന് പുലിയെ കുടുക്കാനുള്ള ശ്രമത്തിൽ ഒരു സബ് ഇൻസ്പെക്ടറുടെ ജീവൻ നഷ്ടപ്പെട്ടിരുന്നു.

അതിനിടെ ചെറുവണ്ണൂരിലും പരിസരങ്ങളിലും പുലിയെയും കുട്ടിയെയും കണ്ടെന്ന വാർത്തക്ക് പ്രചാരമേറുകയാണ്. ഇന്നലെ പുലർച്ചയ്ക്ക് ഫറൂഖ് ടൈൽ വർക്ക്സിലെ വാച്ച്മാൻ ഒരു ജീവി തന്റെ സമീപത്തുകൂടി കുറ്റിക്കാടുകളിലേക്ക് ഓടിമറിഞ്ഞുവെന്ന് അവകാശപ്പെടുന്നു.

കുണ്ടായിത്തോട് ഇ. എസ്. ഐ ഹോസ്പിറ്റലിനു സമീപത്തുവച്ചാണ് ഒരാഴ്ച മുമ്പ് ഒരു വന്യജീവിയെയും കുട്ടിയെയും സമീപ വാസികൾ കണ്ടത്. കുണ്ടായിത്തോടു മുതൽ ഫറൂഖ് വരെ റെയിൽവെ ലൈനിന്റെ ഇരുവശങ്ങളിലും കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ ഏറെയുണ്ട്.

ഇവിടങ്ങളിലാണ് പകൽ സമയത്ത് പുലി തങ്ങുന്നതെന്നാണ് നാട്ടുകാരുടെ അഭിപ്രായം. ഇരുട്ടിയാൽ പുലിയെ ഭയന്ന് പരിസരം വിജനമാകുന്നു.

അതിനിടെ കൂടു സ്ഥാപിക്കാനുള്ള ശ്രമത്തിനിടയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ജീപ്പ് ഡ്രൈവർക്ക് പരുക്കേറ്റു. ഇദ്ദേഹത്തെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.



പുലിയെ കാത്ത്... ന്യൂ ഇന്ത്യാ സിറാമിക്സ് കമ്പനിയിൽ പുലിയെ പിടി ക്കാൻ വനംവകുപ്പ് ഒരുക്കിയ കെണി.

ന്ന് ഓാം കേരളഗവ. കോളേജ് ടീച്ചേഴ്സ് കുമാർ (ഖജാ.)

# വയനാട് വിനോദസഞ്ചാര മുക്തമാക്കണം

കല്പറ്റ: വയനാട് വിനോദസഞ്ചാര മുക്തമാക്കണമെന്ന് വയനാട് പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെട്ടു. ടൂറിസം വയനാടിന് ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കലക്ടർ വിളിച്ചുചേർത്ത യോഗത്തിലാണ് ഈ ആവശ്യം ഉന്നയിച്ചത്.


ടൂറിസം വികസനം പൂക്കോട്ട്തടാകത്തേയും പരിസരത്തെയും കടുത്ത പരിസ്ഥിതി തകർച്ചയിൽ എത്തിച്ചിരിക്കുകയാണെന്ന് സമിതി ചൂണ്ടിക്കാട്ടി. മുൻപ് പൂക്കോടിൻെറ സംരക്ഷണത്തിനുവേണ്ടി ലക്ഷക്കണക്കിന് രൂപ മുടക്കി നടപ്പാക്കിയ പദ്ധതികൾ മുഴുവൻ ജലരേഖയാക്കിക്കൊണ്ടാണ് പൂക്കോട്ട് ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയത്. തടാകക്കരയിലെ കെട്ടിടങ്ങളെല്ലാം പൊളിച്ചുമാറ്റുകയും അവിടേക്കുള്ള വാഹനഗതാഗതം നിയന്ത്രിക്കുകയും ചെയ്യണമെന്ന് സമിതി ആവശ്യപ്പെട്ടു. കുറവയിലും തിരുനെല്ലിയിലും മറ്റും ടൂറിസം നടപ്പാക്കരുതെന്നും അഭ്യർഥിച്ചു.

## പാതിരിച്ചാൽ വഴി കല്ലോടിക്ക് ബസ് വേണം

മാനന്തവാടി: . നാലാം മൈൽ, പീച്ചംകോട്, പുതിയടംകുന്ന്, പാതിരിച്ചാൽ വഴി കല്ലോടിക്ക് സ്റ്റേറ്റ് ബസ് സർവീസ് ആരംഭിക്കണമെന്ന് എടവക മണ്ഡലം കോൺഗ്രസ് (ഐ) കമ്മിറ്റി ആവശ്യപ്പെട്ടു.

ഒരു വർഷം മുമ്പ് ഈ റൂട്ടിൽ സ്റ്റേറ്റ് ബസ്സ് ഓടിച്ചിരുന്നു. പിന്നീട് നിർത്തലാക്കി. ഡോ. അംബേദ്കർസ്മാരകപട്ടികവർഗ മോഡൽ റസിഡൻഷ്യൽ സ്കൂൾ പുതിയടം കുന്നിലാണ്. പട്ടികവർഗക്കാരുടെ പ്രത്യേക ആരോഗ്യ പദ്ധതിപ്രകാരമുള്ള ആസ്പത്രിയുടെ നിർമാണവും ഇവിടെ പൂർത്തിയായി വരുന്നുണ്ട്. ഗ്രാമപ്രദേശത്തെ ആദിവാസികൾ ഉൾപ്പെടെയുള്ളവർക്ക് മാനന്തവാടി ടൗണുമായി ബന്ധപ്പെടാൻ കിലോമീറ്റർ നടന്ന് പീച്ചങ്കോട്എത്തിയാലേ ബസ്സ് സൗകര്യമുള്ളു—യോഗം ചൂണ്ടിക്കാട്ടി. മാനന്തവാടിനിന്ന് പാണ്ടിക്കടവ്, പള്ളിക്കൽ, പാതിരിച്ചാൽ വഴി പന്തിപ്പൊയിലിലേക്കും ബസ്സ് വേണമെന്ന് യോഗം ആവശ്യപ്പെട്ടു.

പ്രസിഡണ്ട് പി.ഐ. ജോർജ് അധ്യക്ഷത വഹിച്ചു. പി. കുഞ്ഞിരാമൻനായർ, കെ.ജെ. തോമസ്, അമ്പാട്ട് മാത്തച്ചൻ, സി.ഒ. സനൽകുമാർ, സി.ഇ. ചന്ദ്രൻ, കെ.ജെ. മത്തായി, ഇ.എം. കൃഷ്ണൻനായർ, പി. ഇബ്രായി, മേരിജോർജ്, സി. ഗോവിന്ദൻ എന്നിവർ പ്രസംഗിച്ചു. കെ. അബ്രഹാം സ്വാഗതവും ജോസ് വാണാക്കുടി നന്ദിയും പറഞ്ഞു.



ഠം വാർഷികാഘോഷവും സംഗ
ി ദേവദാനം ഉദ്ഘാടനം ചെയ്യുന്നു

## രോഗം റ

തരുവണ: ജില്ലയിൽ പലയിടങ്ങളിലും രോഗം പിടിപെട്ടതും ചാകാറായതുമായ കന്നുകാലികളെ അറത്ത് ഇറച്ചി വിൽപ്പന നടത്തുന്നതായി പരാതി.


ഈയിടെയായി കന്നുകാലികളിൽ കാൻസർ രോഗം വ്യാപകമായിട്ടുണ്ടത്രെ. കാലിനാണ് ഈ രോഗം അധികവും പിടിപെടുന്നത്. തുടർന്ന് ഭക്ഷണം കഴിക്കാതെയും നടക്കാൻ കഴിയാതെയും കന്നുകാലി ചത്തുപോവുകയാണ് പതിവ്. കാലിൽ പഴുപ്പ് കാണുമ്പോൾതന്നെ ഈ രോഗം മനസ്സിലാക്കി കിട്ടുന്ന വിലയ്ക്ക് അറവുകാർക്ക് കാലികളെ വിൽക്കും. അറവുകാരാവട്ടെ നേരം പുലരുന്നതിന് മുമ്പായി ഇറച്ചി മാർക്കറ്റുകളിലും ഹോട്ടലുകളിലും എത്തിക്കുകയും ചെയ്യും. കാലിയുടെ ഉടമയ്ക്ക് കിട്ടിയ പണം ലാഭം. അറവുകാരന് ഇരട്ടി ലാഭം. വാങ്ങി കഴിക്കുവർക്കാകട്ടെ എന്തെങ്കിലും രോഗം പിടിപെട്ടില്ലെങ്കിൽ അത് ലാഭം.

പഞ്ചായത്ത് നല്കുന്ന ലൈസൻസ്

മാതൃഭൂമി ആഗസ്റ്റ് 29

# ‘അണക്കെട്ടുകൾ നാടിനെ ദരിദ്രമാക്കും’

പുൽപള്ളി: കോടികൾ മുടക്കി നിർമിക്കുന്ന ഓരോ വൻകിട അണക്കെട്ടും നമ്മുടെ നാടിനെ കൂടുതൽ ദരിദ്രമാക്കുകയാണെന്നും മനുഷ്യർക്കും കൃഷിയിടങ്ങൾക്കും നാശം വിതയ്ക്കുകയാണെന്നും പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ.സതീഷ് ചന്ദ്രൻ അഭിപ്രായപ്പെട്ടു. പുൽപള്ളി കടമാൻതോട് പദ്ധതിക്കെതിരെ വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ സഹകരണത്തോടെ പദ്ധതി വിരുദ്ധ സമിതി നടത്തിയ ബോധവൽക്കരണ സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.



കടമാൻതോട് അണക്കെട്ടിനെതിരെ വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ പുൽപള്ളിയിൽ നടത്തിയ ബോധവൽക്കരണ സെമിനാറിൽ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ.സതീഷ് ചന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തുന്നു.

അണക്കെട്ട് എന്നത് ഒരു തെറ്റിദ്ധാരണയാണ്. വെള്ളം വേണ്ടത്രയില്ലാത്തതിനാൽ നാം ഉദ്ദേശിക്കുന്ന കൃഷി ചെയ്യാൻ കഴിയാതെ വരുമ്പോഴാണ് ജലസേചന പദ്ധതി എന്ന ആശയമുണ്ടാകുന്നത്. എന്നാൽ നെൽവയലുകൾ വ്യാപകമായി നാണ്യവിള തോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ കൃഷി വികസനത്തിന്റെ പേരിൽ അണക്കെട്ട് നിർമിക്കുന്നത് അർത്ഥശൂന്യമാണെന്ന് അദ്ദേഹം പറഞ്ഞു. കോടികൾ ചെലവഴിച്ചിട്ടും പൂർത്തിയാകാത്ത പദ്ധതികൾ വയനാട്ടിലുണ്ട്.

ശരാശരി നൂറു വർഷം ആയുസുള്ള ഒരണക്കെട്ട് ഇരുപത് വർഷം കഴിയുമ്പോൾ തന്നെ മണ്ണിടിഞ്ഞും മറ്റും നശിക്കുന്നു. ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുന്ന അണക്കെട്ടുകൾ ഭൂമിക്കടിയിലെ ലവണങ്ങൾ ഭൗമോപരിതലത്തിലെത്തുന്നതിനും അതുവഴി കൃഷിയിടങ്ങളുടെ നശിക്കുന്നതിനും കാരണമാകുന്നു.

ഭാരതത്തിൽ 30 ലക്ഷം ഹെക്ടർ കൃഷിഭൂമി ഇങ്ങനെ ഉപയോഗശൂന്യമായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ജലസംഭരണിയിൽ സൂര്യരശ്മിയുടെ പ്രതിഫലനം കാരണം അന്തരീക്ഷോഷ്മാവ് കൂടുന്നു. റിസർവോയറുകളിലെ കെട്ടിനിർത്തിയ ജലം പലയിടത്തും ഡിസ്റ്റോഡോമിയ തുടങ്ങിയ രോഗങ്ങൾക്ക് കാരണമായിട്ടുണ്ടെന്നും സതീഷ് ചന്ദ്രൻ പറഞ്ഞു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ.പൗലോസ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ.ശാന്തി, എം.ഗംഗാധരൻ, ഫാ.ബേബി ഏലിയാസ്, എൻ.ബാദുഷ പ്രസംഗിച്ചു.

# വൻകിട അണക്കെട്ടുകൾ നാടിനെ ദരിദ്രമാക്കും

പുൽപ്പള്ളി: കോടിക്കണക്കിനു രൂപ ചെലവഴിച്ച് നിർമിക്കപ്പെടുന്ന ഓരോ അണക്കെട്ടും നാടിനെ സമ്പന്നമാക്കുമെന്ന് ബന്ധപ്പെട്ടവർ അവകാശവാദമുന്നയിക്കുമെങ്കിലും ഫലത്തിൽ നാടിനെ ദരിദ്രമാക്കുവാനേ ഇവ ഉപകരിക്കൂവെന്ന് പ്രമുഖ പരിതഃസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. സതീശ് ചന്ദ്രൻ അഭിപ്രായപ്പെട്ടു.

അണക്കെട്ട് എന്നത് ഒരു തെറ്റിദ്ധാരണയാണ്. വെള്ളം വേണ്ടത്രയില്ലാത്തതിനാൽ നാം ഉദ്ദേശിക്കുന്ന കൃഷി ചെയ്യാൻ കഴിയാതെവരുമ്പോഴാണ് ജലസേചന പദ്ധതിയെന്ന ആശയം ഉരുത്തിരിയുന്നത്. പക്ഷേ ജലസേചനമാവശ്യമുള്ള നെൽവയലുകൾ വ്യാപകമായി നാണ്യവിളത്തോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ കൃഷിവികസനത്തിന്റെ പേരിൽ അണക്കെട്ടുണ്ടാക്കുന്നത് അർഥശൂന്യമാണ്. കോടികൾ ചെലവഴിച്ചിട്ടും പല പദ്ധതികളും പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. ശരാശരി ആറുവർഷം ആയുസ്സുള്ള ഒരു അണക്കെട്ട് ഇരുപതുവർഷം കഴിയുമ്പോൾത്തന്നെ മണ്ണിടിഞ്ഞു നശിക്കുന്നു-സതീശ് ചന്ദ്രൻ ചൂണ്ടിക്കാട്ടി. വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ സഹകരണത്തോടെ കടമാൻതോട് പദ്ധതി വിരുദ്ധ സമിതി സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്ന അണക്കെട്ടുകൾ ഭൂമിക്കടിയിലെ ലവണങ്ങൾ ഭൗമോപരിതലത്തിലെത്തുവാൻ സഹായിക്കുകവഴി കൃഷിയിടങ്ങളുടെ നാശത്തിനു കാരണമാകുന്നു. ഇന്ത്യയിൽ മുപ്പത് ലക്ഷം ഹെക്ടർ ഭൂമി ഇങ്ങനെ ഉപയോഗശൂന്യമായിട്ടുണ്ട്. ജലസംഭരണിയിൽ സൂര്യരശ്മിയുടെ പ്രതിഫലനം കാരണം അന്തരീക്ഷോഷ്മാവ് കൂടുന്നു. റിസർവോയറുകളിലെ കെട്ടിനിർത്തിയ ജലം പലയിടങ്ങളിലും സിസ്റ്റോസോമിയ തുടങ്ങിയ രോഗങ്ങൾക്കു കാരണമായിട്ടുണ്ട്. പശിമരാശി കലർന്ന മണ്ണിൽ കനാലുകൾ വഴിയുള്ള ജലസേചനം വാട്ടർ ലോഗിങ് ഉണ്ടാക്കുന്നു. ജലത്തിന്റെ ഭാഗം മണ്ണിനടിയിലെ പാറകളെ ബാധിക്കുമ്പോൾ ഭൂചലനം സംഭവിക്കാം. സതീശ് ചന്ദ്രൻ ചൂണ്ടിക്കാട്ടി.



പുൽപ്പള്ളിയിലെ കടമാൻതോട് പദ്ധതിക്കെതിരെയുള്ള ബോധവല്ക്കരണ സെമിനാറിൽ പരിസ്ഥിതി ശാസ്ത്രജ്ഞനായ ഡോ. സതീശ് ചന്ദ്രൻ സംസാരിക്കുന്നു

സെമിനാറിന്റെ ഉദ്ഘാടനം പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.എൻ. പൗലോസ് നിർവഹിച്ചു. ഡോ. ശാന്തി, എം. ഗംഗാധരൻ മാസ്റ്റർ, ഫാ. ബേബി ഏലിയാസ്, എൻ. ബാദുഷ എന്നിവർ പ്രസംഗിച്ചു.

ച്ചോറിന്റെ പ്രവർത്തനത്തെ ഗുരു (ശേഷം 14-ാം പേജ് 6-ാം കോളം)

തം ചിട്ടപ്പെടുത്തിയ ദക്ഷിണാമൂർത്തിയെക്കൊണ്ടു പാടിക്കുകയും. (ശേഷം 5-ാം പേജ് 6-ാം കോളം)

# തിരുനെല്ലി പഞ്ചതീർഥ വിശ്രമമന്ദിരം പണി ഉടൻ പൂർത്തിയാക്കും: മന്ത്രി

മാനന്തവാടി: ശ്രീ തിരുനെല്ലി ക്ഷേത്രത്തിൽ പഞ്ചതീർഥ വിശ്രമ മന്ദിരത്തിന്റെ പ്രവൃത്തി ഉടൻ പൂർത്തിയാക്കാൻ ദേവസ്വം വകുപ്പുമന്ത്രി സി. കെ. നാണു കരാറുകാരനു നിർദ്ദേശം നൽകി.

വർഷങ്ങൾക്കുമുമ്പ് പണിയാരംഭിച്ച മന്ദിരത്തിന്റെ നിർമാണം ഇതേവരെ പൂർത്തിയാക്കാൻ കഴിയാത്തത് ഭക്തജനങ്ങളുടെയും മറ്റും പ്രതിഷേധത്തിനു കാരണമായിരുന്നു. മന്ദിരത്തിന്റെ ഇന്നത്തെ അവസ്ഥ നേരിൽകണ്ട് മനസിലാക്കാനാണ് മന്ത്രി തിരുനെല്ലി സന്ദർശിച്ചത്. മന്ദിരത്തിന്റെ മുറികളും മറ്റും മന്ത്രി പരിശോധിച്ചു. തിരുനെല്ലി ഫോറസ്റ്റ്റസ്റ്റ്ഹൗസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി മന്ത്രി വിശദമായ ചർച്ച നടത്തി.

തിരുനെല്ലി ക്ഷേത്രം ശ്രീകോവിൽ ചോർച്ച തടയാനും അടിയന്തര നടപടിയെടുക്കുമെന്നും മന്ത്രിപറഞ്ഞു. ചർച്ചകളിൽ രാധാരാഘവൻ എം.എൽ.എ. , പ്രിൻസിപ്പൽ സെക്രട്ടറി ലളിതാംബിക, ഡെ. സെക്രട്ടറി സച്ചിതാനന്ദൻ, എച്ച്.ആർ.ആൻറ്സി. കമ്മീഷണർ ടി.തങ്കപ്പൻ, ഡെ. കമ്മീഷണർമാരായ സുരേന്ദ്രൻ, ബാലകൃഷ്ണൻ, തലശ്ശേരി അസി. കമ്മീഷണർ എം.വി. കൃഷ്ണൻ, തിരുനെല്ലി ക്ഷേത്രം പാരമ്പര്യ ട്രസ്റ്റി എ.വി. കേശവദാസ്, ദേവസ്വം എക്സി.ഓഫീസർ ടി.ശങ്കരവാര്യർ തുടങ്ങിയവർ പങ്കെടുത്തു. ക്ഷേത്രത്തിലെത്തിയ മന്ത്രിയെ ദേവസ്വം ഭാരവാഹികളും ജീവനക്കാരും ചേർന്ന് സ്വീകരിച്ചു. മേശ്ശാന്തി ഇ.എൻ. കൃഷ്ണൻ നമ്പൂതിരി മന്ത്രിക്ക് തീർഥവും പ്രസാദവും നൽകി.

# ഭക്ഷ്യമന്ത്രിക്ക് നിവേദനം നൽകി

തിരുവനന്തപുരം: ഗുണനിലവാരം കുറഞ്ഞ പഴയ സ്റ്റോക്ക് തീരുംവരെ റേഷൻകടകളിലും മാവേലിസ്റ്റോറിലേതുപോലെ 4 രൂപ, 8.60 രൂപ, 9.60 രൂപ ക്രമത്തിൽ പഴയ വിലയ്ക്ക് വില്പന നടത്താൻ അനുവദിക്കണമെന്നും സംഘർഷമുള്ളിടത്ത് വ്യാപാരികൾക്ക് സംരക്ഷണം നൽകണമെന്നും അഖിലേന്ത്യാ റേഷൻ ഡീലേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു.

റേഷൻ കച്ചവടക്കാർക്ക് ക്ഷേമനിധിയിൽ നിന്നോ മറ്റുവിധേനയോ 6 മാസക്കാലത്തേക്കെങ്കിലും 3000 രൂപ വീതം ഇടക്കാലാശ്വാസം അനുവദിക്കുക, ഡിപ്പോകൾ സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം ഭക്ഷ്യമന്ത്രിക്ക് നൽകി.

# ഗ്രൂപ്പ്കളി: ആലപ്പുഴ ജില്ലാ സഹ. ബാങ്ക് പ്രസിഡണ്ടിനെ സിപിഎം മാറ്റി

ആലപ്പുഴ: സിപിഎമ്മിലെ സിഐടിയു വിഭാഗത്തോട് അടുപ്പമുള്ള ആലപ്പുഴ ജില്ലാ സഹകരണബാങ്ക് പ്രസിഡണ്ട് ടി.ജെ. ചന്ദ്രചൂഡൻ നായരെ കാലാവധി അവസാനിക്കും മുമ്പ് സിപിഎം തൽസ്ഥാനത്തു നിന്ന് നീക്കി. പകരം ഉറച്ച വി.എസ്. ഗ്രൂപ്പുകാരനായി അറിയപ്പെടുന്ന കെ.വി. ദേവദാസിനെ പുതിയ പ്രസിഡണ്ടായി തിരഞ്ഞെടുത്തിട്ടുണ്ട്. കാലാവധി തീരാൻ ഇനി ആറുമാസത്തിലധികം കൂടി സമയം ബാക്കിയിരിക്കെയാണ് ചന്ദ്രചൂഡൻ നായരെ മാറ്റി പകരം അടുത്തിടെ മാത്രം ബാങ്ക് ഡയറക്ടർ ബോർഡിലേയ്ക്ക് നിയമിതനായ ദേവദാസിന് പ്രസിഡണ്ട് പദവി നൽകിയത്. ഗവൺമെൻറ് നോമിനിയായി ബാങ്ക് ഡയറക്ടർ ബോർഡിലുണ്ടായിരുന്ന സിഐടിയു വിഭാഗത്തിലെ ബി. വിനോദിനെ നീക്കിയാണ് കഷ്ടിച്ച് ഒരു മാസം മുമ്പ് ദേവദാസിനെ ബോർഡംഗമാക്കിയത്.

തിങ്കളാഴ്ച രാവിലെ അടിയന്തരമായി വിളിച്ചുകൂട്ടിയ സിപിഎം ജില്ലാ സെക്രട്ടേറിയറ്റ് യോഗമാണ് നിലവിലുള്ള പ്രസിഡണ്ടിനെ മാറ്റി പകരം ദേവദാസിനെ പ്രസിഡണ്ടാക്കാൻ തീരുമാനിച്ചത്.

അനിരുദ്ധൻ.

# പ്രതിരോധം

(ഒന്നാംപേജ് തുടർച്ച)

44 നദികൾ വറ്റാതിരിക്കാൻ കാടു മറയാതിരിക്കണം. ഭരണകക്ഷിവന നശീകരണത്തിന് കൂട്ടു നിൽക്കരുതെന്ന് അവർ ആവശ്യപ്പെട്ടു. ഈ നാടിൻെറ നീരുവറ്റിക്കരുത് സുഗത അപേക്ഷിച്ചു.

ജില്ലയുടെ പരിസ്ഥിതി പ്രശ്നങ്ങളെ കാര്യമായി ബാധിക്കുന്ന ജീരകപ്പാറ വന നശീകരണം കാരണം സമീപപ്രദേശങ്ങളിലെ ഉറവുകൾ വറ്റാൻ തുടങ്ങിയിരിക്കുന്നു. തുഷാരഗിരി, ചെമ്പുകടവ് പദ്ധതികൾ നഷ്ടമാവുന്നതിനും വന നശീകരണം ഇടയാക്കുന്നു.

സുഗതകുമാരി, ഡോ. എം.ബി. പരമേശ്വരൻ, പുരോഗമന കലാസാഹിത്യ സംഘം ജില്ലാ പ്രസിഡൻറ് ഡോ. എം.എസ്. മേനോൻ, ഡോ.എ. അച്യുതൻ, ഐ.ജി. ഭാസ്ക്കരപണിക്കർ, കെ.ടി.മുഹമ്മദ്, തായാട്ട് ബാലൻ, സി.പി.എം. ജില്ലാ സെക്രട്ടറി എം. കേളപ്പൻ, സി.പി. ബാലൻ വൈദ്യർ എം.എൽ.എ, ഡോ. കെ. സുഗതൻ, പ്രൊഫ. ഉണ്ണികൃഷ്ണൻ നമ്പീശൻ, മുൻമന്ത്രി സിറിയക് ജോൺ, മുൻ മേയർമാരായ അഡ്വ. എ. ശങ്കരൻ, വി.കുട്ടികൃഷ്ണൻ നായർ, വനസംരക്ഷണ ഏകോപന സമിതി കൺവീനർ അഡ്വ. മത്തായിചാക്കോ, ഫാദർ മാത്യു പനച്ചിപ്പുറം, ഫാദർ മാത്യു തകടിയേൽ, ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തി, പ്രൊഫ. കെ. ശ്രീധരൻ എന്നിവർ പ്രതിരോധ നിരയിൽ പങ്കെടുത്തു.

കോടഞ്ചേരിയിലും നെല്ലിപ്പൊയിലിലും പൊതുയോഗങ്ങൾ നടന്നു. കോടഞ്ചേരിയിൽ പ്രൊഫസർ കെ. ശ്രീധരൻ അദ്ധ്യക്ഷനായിരുന്നു. സുഗതകുമാരി, കെ.ടി. മുഹമ്മദ്, എം. കേളപ്പൻ, ഫാ.മാത്യു തകിടിയേൽ, ഫാ. മാത്യു പനച്ചിപ്പുറം, പി.സിറിയക് ജോൺ, പി.കുട്ടികൃഷ്ണൻ നായർ എന്നിവർ പ്രസംഗിച്ചു. അഡ്വ. മത്തായി ചാക്കോ സ്വാഗതവും, ജീരകപ്പാറ വന സംരക്ഷണ സമിതി ചെയർമാൻ സി.സി. ജേക്കബ് നന്ദിയും പറഞ്ഞു.

നെല്ലിപ്പൊയിലിൽ ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തി അദ്ധ്യക്ഷനായിരുന്നു. തായാട്ട് ബാലൻ, ഡോ. എം. അച്യുതൻ , അഡ്വ. എ. ശങ്കരൻ, പി.വി. വിമല (എം.ഡി.സി), ഡോ എം.എസ്. മേനോൻ , അഡ്വ. മത്തായി ചാക്കോ എന്നിവർ പ്രസംഗിച്ചു. എം.എ. ജോൺ സ്വാഗതം പറഞ്ഞു.